"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേനയുള്ള പെൻഷൻ വിതരണം - 2025 മേയ് മാസത്തെ പെൻഷൻ വിതരണം വകയിൽ 30.11.2025 പ്രകാരം 9.10% പലിശ ഉൾപ്പെടെ തിരികെ നൽകേണ്ട തുക റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.484/2025/TRANS തീയതി,തിരുവനന്തപുരം, 08-12-2025

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 27.11.2025-ലെ RCS/2540/2025-CB(1) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) പെൻഷൻ വിതരണത്തിനായി രൂപീകരിക്കപ്പെട്ട കൺസോർഷ്യത്തിൽ ഉൾപ്പെട്ട പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 2025 മേയ് മാസം കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകിയ വകയിൽ 30.11.2025 പ്രകാരം 9.10% പലിശ ഉൾപ്പെടെ തിരികെ നൽകേണ്ട തുകയുടെ പട്ടിക (₹74,41,95,612/-) സഹകരണ സംഘം രജിസ്ട്രാർ മേൽ പരാമർശ കത്ത് പ്രകാരം ലഭ്യമാക്കുകയും ടി തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി രൂപീകരിക്കപ്പെട്ട PACS കൺസോർഷ്യത്തിൽ ഉൾപ്പെട്ട പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക്, 2025 മേയ് മാസത്തിൽ KSRTC പെൻഷൻ നൽകിയ വകയിൽ, 30.11.2025 പ്രകാരം 9.10% പലിശ ഉൾപ്പെടെ തിരികെ നൽകേണ്ട തുകയായ ₹74,41,95,612/- (എഴുപത്തിനാല് കോടി നാല്പത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി അറുന്നൂറ്റിപന്ത്രണ്ട് രൂപ മാത്രം) 7055-00-190-99 (പ്ലാൻ) ശീർഷകത്തിൽ നിന്നും, 27.04.2013-ലെ 40/2013/ധന. നമ്പർ പരിപത്രത്തിലേയും 16.05.2018-ലെ സ.ഉ.(കൈ) നം. 169/2018/ധന. നമ്പർ ഉത്തരവിലേയും വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാറുടെ 799011400004932 നമ്പർ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി ബി നൂഹ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, സഹകരണ സംഘം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(നം. 3102672/PU-A2/39/2025-FIN തീയതി 06/12/2025)
സഹകരണ (ഡി) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (E 3345770)

ഉത്തരവിൻ പ്രകാരം,
**Signed by Susilkumary S**
**Date: 08-12-2025 13:15:43**
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.